(ബി-ഇ) ഭൂചലനം മുല്ലപ്പെരിയാർ ഡാമിന് എന്തെങ്കിലും ആഘാതം ഏല്പിച്ചിട്ടുണ്ടോ എന്ന് പഠിക്കുന്നതിനായി "സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസി"ന്റെ ഡയറക്ടർ ഡോ. ബാബുയുടെ നേതൃത്വത്തിൽ ശാസ്ത്രജ്ഞൻമാരുടെ ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ് സർക്കാർ. ഈ സമിതിയുടെ അന്തിമ പഠന റിപ്പോർട്ടിലെ നിഗമനങ്ങൾ കണക്കിലെടുത്തശേഷമേ അനന്തരനടപടികൾ തീരുമാനിക്കാനാകുകയുള്ളൂ.

പറമ്പിക്കുളം-ആളിയാർ പദ്ധതി

64 (998) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1970-ൽ സംസ്ഥാന ഗവർണറുടെ പേരിൽ ഒപ്പുവയ്ക്കപ്പെട്ട പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിൽ ഭാരതപ്പുഴ ചാലക്കുടിപ്പുഴ, പെരിയാർ നദികളുടെ കീഴ്നദീതടാവകാശം പരിരക്ഷിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ കരാറിന് നിയമപരമായോ, ഭരണപരമായോ സാധുതയുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പറമ്പിക്കുളം-ആളിയാർ കരാറിൽ കേരളത്തിന്റെ നദീതടാവകാശം സ്ഥാപിക്കുന്നതിന് ഇനി എന്ത് നിയമ നടപടിയാണ് സ്വീകരിക്കേണ്ടത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) കീഴ്നദീതടാവകാശംകൂടി പരിഗണിക്കപ്പെട്ടിട്ടുള്ള ഈ കരാറിന്റെ നിയമസാധുതയെപ്പറ്റി വിശദമായി പരിശോധിച്ചുവരുന്നു.

(സി) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് 1958 നവംബർ 9 മുതൽ 30 വർഷം തികയുമ്പോൾ കരാറിൽ വിഭാവനം ചെയ്തിട്ടുള്ള ക്രമീകരണങ്ങൾ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിൻപ്രകാരം ക്രമീകരണങ്ങൾ പുനരവലോകനം ചെയ്യുന്ന വേളയിൽ കേരളത്തിന് ദോഷകരമായവയ്ക്ക് പരിഹാരം തേടാവുന്നതാണ്.

കുറ്റനിവാരണ രംഗത്തെ പുതിയ പദ്ധതി

65 (999) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുറ്റനിവാരണ രംഗത്ത് എന്തൊക്കെ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുവാനും നടപ്പിലാക്കുവാനും കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ ക്രമസമാധാനനില മറ്റു സംസ്ഥാനങ്ങളുമായി തുലനം ചെയ്യുമ്പോൾ എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly